# അഡ്മിഷൻ 2023




# പ്രവേശന സഹായി

# വ്യാവസായിക പരിശീലന വകുപ്പ്, കേരളം

## സർക്കാർ വ്യാവസായിക പരിശീലന സ്ഥാപനം

## പ്രവേശന സഹായി 2023

കേരളത്തിലെ 104 ഗവ: ഐ. ടി. ഐകളിൽ ഏതിലേയും പ്രവേശനത്തിന് പോർട്ടലിലൂടെ ഒരു അപേക്ഷ മാത്രം സമർപ്പിച്ചാൽ മതി.

**വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസ് ശ്രദ്ധാപൂർവ്വം വായിച്ചതിനു ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക.**

പോർട്ടൽ വിലാസം: ***https://itiadmissions.kerala.gov.in***





## Steps for Filling the Application

1. Registration
2. Fill application
    a. Personal & qualification details
    b. Communication details
    c. Other details
    d. Document upload
    e. Self-declaration
3. ITI & Trade choice
4. View application
5. Make payment
6. View & download application

- ആദ്യമായി പോർട്ടൽ സന്ദർശിക്കുന്നവർക്ക് **APPLY NOW** മുഖേനയും, ഒരിക്കൽ രജിസ്റ്റർ ചെയ്തവർക്ക് **LOGIN** ബട്ടൺ വഴിയും മുന്നോട്ട് പോകാവുന്നതാണ്.
- ഒരിക്കൽ രജിസ്റ്റർ ചെയ്തവർക്ക് **Already Registered?** ബട്ടൺ വഴി ലോഗിൻ പേജിലേക്കെത്താം.
- ആദ്യമായി രജിസ്റ്റർ ചെയ്യുന്നവർക്ക് പേര്, മൊബൈൽ നമ്പർ, പോർട്ടലിലേക്കുള്ള പാസ്‌വേഡ് എന്നിവ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

***അപേക്ഷകരുടെ തന്നെ പ്രവർത്തനസജ്ജമായ മൊബൈൽ നമ്പറും ഇ-മെയിൽ വിലാസവും ഉപയോഗിക്കുക***


- പത്താം തരം സർട്ടിഫിക്കറ്റിൽ ഉള്ള പ്രകാരം, ഇനിഷ്യലുകൾ സഹിതം പേര് നൽകുക.
- മൊബൈൽ നമ്പർ നൽകുക. ഇവിടെ നൽകുന്ന മൊബൈൽ നമ്പർ ആയിരിക്കും പോർട്ടലിലെ താങ്കളുടെ യൂസർ നെയിം. ***ഒരു മൊബൈൽ നമ്പർ ഉപയോഗിച്ച് ഒരു അപേക്ഷ മാത്രമെ സമർപ്പിക്കാൻ സാധിക്കുകയുള്ളു.***
- ഇ-മെയിൽ വിലാസം നൽകുക.
- പാസ്സ്‌വേർഡ് രണ്ട് തവണ നൽകുക
- തന്നിട്ടുള്ള കാപ്ച കോഡ് നൽകുക





**Register Now** ബട്ടൻ അമർത്തിയാൽ രജിസ്ട്രേഷൻ പൂർത്തിയായി.

രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിലേക്ക് Successfully Registered എന്ന് SMS സന്ദേശം ഉടൻ ലഭിക്കുന്നതാണ്. മൊബൈൽ നമ്പർ പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും സർക്കാർ ഐ ടി ഐ യിൽ അപേക്ഷയുടെ വേരിഫിക്കേഷൻ പൂർത്തിയാക്കുന്നതു വരെ തിരുത്തലുകൾ വരുത്താവുന്നതുമാണ്. ലോഗിൻ സംബന്ധിച്ച് വരുന്ന പ്രശ്നങ്ങൾക്ക് ജില്ലാ കോഡിനേറ്റർമാർ മുഖേന പരിഹാരം കാണാവുന്നതാണ്.


## അപേക്ഷാ ഫോമിന്റെ ആദ്യ പേജ് ആയ #1 – Personal & Qualification info തുറന്നുവരും




1. പത്താംതരം/ തുല്യത പഠിച്ച സ്ട്രീം തെരഞ്ഞെടുക്കുക [SSLC, THSLC or Others.] കേരള സംസ്ഥാന സിലബസ് പ്രകാരം പഠിച്ചവർക്ക് മാത്രം SSLC/ THSLC തിരഞ്ഞെടുക്കാം. CBSE തുടങ്ങി മറ്റേത് സ്ട്രീം പഠിച്ചവർക്കും Others തിരഞ്ഞെടുക്കാം.
2. **2013**ലോ അതിന് ശേഷമോ SSLC / THSLC വിജയിച്ചവർ, വിജയിച്ച വർഷവും അതിന് മുൻപ് വിജയിച്ചവർ *Not in list* എന്നും തിരഞ്ഞെടുക്കുക.
3. **2013**ലോ അതിന് ശേഷമോ SSLC / THSLC കേരള സിലബസിൽ പഠിച്ചവർക്ക് റജിസ്റ്റർ നമ്പർ Search നൽകി ബട്ടൺ അമർത്തിയാൽ മാർക്ക്, പേര്, ജനന തീയതി, മാതാപിതാക്കളുടെ പേര്, ലിംഗം എന്നിവ സ്വയം പൂരിപ്പിക്കപ്പെടുന്നതാണ്

*(2018ൽ THSLC വിജയിച്ചവർ Not in list തിരഞ്ഞെടുത്ത* 

ൽ *THSLC 2018* എന്ന ഒപ്ഷൻ നൽകി മാർക്ക് നേരിട്ട് നൽകേണ്ടതാണ്)



**4.** തുടർന്ന് പത്താംതരം/ തുല്യത വിജയിച്ചുവോ ഇല്ലയോ എന്ന് തെരഞ്ഞെടുക്കുക

**5.** ഇതര സിലബസ്സുകളിൽ പഠിച്ചവരും, ഇതര വർഷങ്ങളിൽ വിജയിച്ചവരും മറ്റുള്ളവരും പരീക്ഷ എഴുതിയ എക്സാം സ്കീം തിരഞ്ഞെടുത്ത ശേഷം നേരിട്ട് മാർക്ക് /ഗ്രേഡ് പൂരിപ്പിക്കേതാണ്. സർട്ടിഫിക്കറ്റിലുള്ളത് പ്രകാരം പേര്, ജനന തീയതി, ലിംഗം (ആൺ, പെൺ, ഭിന്നലിംഗം), മാതാപിതാക്കളുടെ പേര്, രക്ഷാകർത്താവിന്റെ പേര് എന്നിവ പൂരിപ്പിക്കുക.

**6.** +2 / ഹയർസെക്കന്ററി / വി.എച്.എസ്.സി / ടെക്നിക്കൽ ഹയർ സെക്കന്ററി വിജയിച്ചുവോ ഇല്ലയോ എന്ന് തെരഞ്ഞെടുക്കുക.

**7.** ഏതെങ്കിലും സർക്കാർ ഐ ടി ഐ യിൽ പഠിച്ചിട്ടുണ്ടെങ്കിൽ YES നൽകി പ്രസ്തുത ഐ.ടി.ഐയുടെ പേര് തിരഞ്ഞെടുക്കുക. (ആദ്യമായി പ്രവേശനം നേടുന്നവർ ഇല്ലാത്ത സാഹചര്യത്തിൽ മാത്രമെ ഒരിക്കൽ പഠിച്ചവരെ പരിഗണിക്കുകയുള്ളു.)

**8.** ബ്ലഡ് ഗ്രൂപ്പ് നൽകുക

**9.** ആധാർ നമ്പർ (12 അക്കം ) നൽകുക

**10.** മതം തിരഞ്ഞെടുക്കുക.

**11.** ജാതി തിരഞ്ഞെടുക്കുക.

**ലിസ്റ്റിൽ ലഭ്യമല്ലാത്ത ജാതികളിലുൾപ്പെടുന്നവർക്ക്**


Other SC, Other ST, Other OBC, Other OBH, Other OBX, General/OC

എന്നിവയിൽ അനുയോജ്യമായത് തെരഞ്ഞെടുക്കാവുന്നതാണ്

***ഈ പേജിലെ എല്ലാ വിവരങ്ങളും നൽകിയതിന് ശേഷം*** SAVE & Fill Communication Info ***ബട്ടൺ ക്ലിക്ക് ചെയ്ത് അടുത്ത പേജിലേക്ക് പോകേണ്ടതാണ്***

# രണ്ടാം പേജിൽ (#2 – Communication Info)

## ആശയവിനിമയത്തിനുള്ള വിവരങ്ങളാണ് നല്കേണ്ടത്.





- സ്ഥിരം വിലാസവും ആശയവിനിമയത്തിനുള്ള വിലാസവും നല്കാം.
- രണ്ടും ഒന്നുതന്നെ ആണെങ്കിൽ കമ്മ്യൂണിക്കേഷൻ അഡ്രസ്സിന് സമീപമുള്ള ചെക്ക് ബോക്സിൽ ഒരു തവണ ക്ലിക്ക് ചെയ്താൽ മതിയാകും.
- രജിസ്റ്റർ ചെയ്യുമ്പോൾ നല്കിയ മൊബൈൽ നമ്പർ ഇ–മെയിൽ വിലാസം എന്നിവയ്ക്ക് പുറമെ **രക്ഷിതാവിന്റെ മൊബൈൽ നമ്പർ കൂടി നൽകേണ്ടതാണ്.**

***ഈ പേജിലെ എല്ലാ വിവരങ്ങളും നൽകിയതിന് ശേഷം*** 

***ബട്ടൺ ക്ലിക്ക് ചെയ്ത് അടുത്ത പേജിലേക്ക് പോകേണ്ടതാണ്***

## മൂന്നാമത്തെ പേജിൽ (#3 – Other Info) പ്രത്യേക സംവരണാനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതാണ്.




**12.** ജവാനോ ജവാന്റെ ആശ്രിതനോ. (പ്രോസ്പെക്റ്റസ് പരിശോധിച്ച് ശരിയായ സെലക്ഷൻ നടത്തുക. ജില്ലാ സൈനിക ബോഡിൽ നിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ മാതൃക നല്കിയിരിക്കുന്നു)

**13.** എൻ.സി.സി സർട്ടിഫികറ്റ്. (മാതൃക നല്കിയിരിക്കുന്നു)

**14.** സംസ്ഥാന യുവജനോത്സവത്തിൽ ഒന്നോ രണ്ടോ സ്ഥാനങ്ങൾ. (ഗ്രേഡുകൾക്ക് പ്രത്യേകം മാർക്ക് ഇല്ല, സർട്ടിഫിക്കറ്റിൽ കാണിച്ചിട്ടുള്ള സ്ഥാനങ്ങൾക്ക് മാത്രമെ ഉള്ളു)

**15.** പ്രത്യേക പരിഗണന നല്കുന്നതിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള ബ്ലോക്കിൽ നിന്നുള്ളവർ. സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ കൂടി നല്കുക. (പ്രസ്തുത ബ്ലോക്ക് പരിധിയിൽ ജനിച്ചവർക്കും 5 വർഷമോ അതിൽ അധികമോ ആയി താമസിക്കുന്നവർക്കും സർട്ടിഫിക്കറ്റിന്റെ പിന്തുണയോടെ അവകാശപ്പെടാം. ബ്ലോക്കുകളുടെ പട്ടിക പ്രോസ്പെക്റ്റസിൽ പരിശോധിക്കുക)

**16.** **EWS**: റവന്യൂ അധികാരികളിൽ നിന്നും ബന്ധപ്പെട്ട Certificate ലഭിച്ചിട്ടുള്ള മുന്നോക്കവിഭാഗങ്ങളിലെ (മറ്റ് സംവരണങ്ങൾക്ക് അർഹരല്ലാത്തവരിലെ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് ഈ സംവരണത്തിന് അർഹതയുണ്ട്. സർട്ടിഫിക്കറ്റിന്റെ വിശദാംശങ്ങൾ കൂടി നൽകുക.

**Special Reservation Category**

☐ Yes
DIfferently-abled (Blind, Deaf, Locomotor Disability, Autism, Learning Disability, Mental Illness) [GO No. 725/2019/LBR dtd. 20.06.19]
ഭിന്നശേഷിയുള്ളവർ (അന്ധൻ, ബധിരർ ലോക്കോമോട്ടർ ഡിസെബിലിറ്റി, ഓട്ടിസം, പഠന വൈകല്യം, മാനസിക രോഗം) [GO No.726/2019/LBR dtd. 20.06.19]

17

☐ Yes
Refugees/Descendants (Myanmar, Sreelanka, Uganda)/Children of the dead/missing in the OKHI disaster 2017
ബർമ്മ,ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് 01.06.1963-ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/പിൻഗാമികൾ / ഉഗാണ്ടയിൽനിന്ന് പുറത്താക്കപ്പെട്ടവർ/പിൻഗാമികൾ. 2017 വർഷം ഓഖി ദുരന്തത്തിൽ മരണമടയുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾ. (സ.ഉ (കൈ)നം.26/2018/ തൊഴിൽ, തീയതി 15.05.2018)

18

☐ Yes
Scout/Guide received President Badge
പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ചിട്ടുള്ള സ്കൗട്ട്/ഗൈഡുകൾ

19

☐ Yes
The inmates in the authorized orphanage
അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ

20

☐ Yes
Passed from the Techical High School (THS)
ടെക്നിക്കൽ ഹൈസ്കൂളിൽ (ടിഎച്ച്എസ്) പഠിച്ചവർ

21

☐ Yes
Sports Quota
സ്പോർട്സ് ക്വാട്ട

22

☐ Yes
Qualified inmates of Juvanile Justice/After Care Home Under Social Justice Department
സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ജുവനൈൽ ജസ്റ്റിസ് ഹോമിലെയും/ആഫ്റ്റർ കെയർ ഹോമിലെയും യോഗ്യരായ അന്തേവാസികൾ

23

☐ Yes
Anglo Indian
ആംഗ്ലോ ഇന്ത്യൻ

24

☐ Yes
Lakshwadeep/Andamaan/Minicoi Inhabitants
ലക്ഷദ്വീപ്/ആന്റമാൻ/മിനിക്കോയി നിവാസികൾ

25

☐ Yes
Linguistic Minority(Tamil/Kannada)[GO (Rt) 723/2019/LBR dtd 20.06.19]
ഭാഷാ ന്യൂനപക്ഷം(തമിഴ്/കന്നഡ)

26

17. ഭിന്നശേഷിക്കാർ (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കണം)

18. 2017ലെ ഓഖി ദുരന്തത്തിൽ കാണാതായ / മരിച്ച മത്സ്യത്തൊഴിലാളികളുടെ മക്കൾ. മ്യാന്മാർ, ശ്രീലങ്ക, ഉഗാണ്ട എന്നിവിടങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവർ / അവരുടെ സന്താനങ്ങൾ

19. രാഷ്ട്രപതിയിൽ നിന്നും സ്കൗട്ട് / ഗൈഡ് സർട്ടിഫിക്കറ്റ് ലഭിച്ചവർ (ഗവർണറിൽ നിന്നും ലഭിച്ചവരല്ല. മാതൃക നല്കിയിരിക്കുന്നു)

20. സർക്കാർ അംഗീകൃത അനാഥാലയത്തിലെ അന്തേവാസി.

21. സർക്കാർ ടെക്ക്നിക്കൽ ഹൈസ്കൂളിൽ (THS) THSLC പഠിച്ചവർ.

22. സ്പോർട്സ് ക്വോട്ട: സ്പോർട്സ് കോട്ടയിലുള്ള പ്രവേശനത്തിന് ജില്ലാ സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെടേണ്ടതാണ്.

23. സാമൂഹ്യനീതി വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ അന്തേവാസികൾ


24. ആംഗ്ലോ ഇന്ത്യൻ

25. ലക്ഷദ്വീപ്, ആന്റമാൻ, മിനികോയി, മാഹി നിവാസികൾ.


26. ഭാഷാ ന്യൂനപക്ഷം (തമിഴ് / കന്നട)


***ഈ പേജിലെ എല്ലാ വിവരങ്ങളും നൽകിയതിന് ശേഷം*** SAVE & Upload Documents(If Necessary) ***ബട്ടൺ ക്ലിക്ക് ചെയ്ത് അടുത്ത പേജിലേക്ക് പോകേണ്ടതാണ്***

## നാലാമത്തെ പേജിൽ (#4 – File & Document upload)
## <u>അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്.</u>





- അപേക്ഷയിൽ നല്കിയിട്ടുള്ള വിവരങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകളുടെ 200Kb യിൽ അധികരിക്കാത്തവ (PDF ഫോർമാറ്റുകൾ മാത്രം) അപ്‌ലോഡ് ചെയ്യേണ്ടതാണ്.
- ഓരോ രേഖയ്ക്കും പ്രത്യേകം Choose File ബട്ടൺ ഉണ്ടായിരിക്കും.
- ഒരിക്കൽ നല്കിയ ഫയലുകൾ താഴെ അപ്‌ലോഡഡ് ഡോക്യുമെന്റ്സ് എന്ന ശീർഷകത്തിൽ കാണാം




*ഈ പേജിലെ എല്ലാ വിവരങ്ങളും നൽകിയതിന് ശേഷം* 

*ബട്ടൺ ക്ലിക്ക് ചെയ്ത് അടുത്ത പേജിലേക്ക് പോകേണ്ടതാണ്*

# Trade Choice




- കേരളത്തിലെ എല്ലാ ജില്ലകളും നല്കിയിരിക്കും. നൽകിയിട്ടുണ്ട്
- ***അപേക്ഷിക്കാൻ താത്പര്യപ്പെടുന്ന ജില്ലയിൽ ക്ലിക് ചെയ്താൽ ആ ജില്ലയിലെ എല്ലാ ഐ.ടി.ഐകളുടെയും പേര് കാണാം.
- ഐ.ടി.ഐ. ക്ലിക് ചെയ്യുമ്പോൾ അവിടുത്തെ എല്ലാ ട്രേഡുകളും കാണാം.
- അവയെ **അപേക്ഷകന്റെ താത്പര്യാർത്ഥം മുൻഗണന ക്രമത്തിൽ ക്രമപ്പെടുത്തുക.**
- ട്രേഡിന്റെ പേരിൽ മൗസ് ക്ലിക്ക് ചെയ്ത് പിടിച്ച് മുകളിലേക്കോ താഴേക്കോ നീക്കിയും അല്ലെങ്കിൽ ക്ലിക്ക് ചെയ്തുകൊണ്ടും ട്രേഡുകളെ മുന്ഗണക്രമത്തിൽ ക്രമപ്പെടുത്താവുന്നതാണ്
- ആവശ്യമില്ലാത്ത ട്രേഡുകളെ ക്ലിക്ക് ചെയ്തുകൊണ്ട് ഒഴിവാക്കാവുന്നതാണ് .
- ഒരിക്കൽ ഒഴിവാക്കിയ ട്രേഡിനെ വീണ്ടും ക്ലിക്ക് ചെയ്തുകൊണ്ട് തിരഞ്ഞെടുക്കാവുന്നതാണ്
- ട്രേഡുകളെ തിരഞ്ഞെടുത്തതിന് ശേഷം Save Trade Option ക്ലിക്ക് ചെയ്യുക തുടർന്ന് മറ്റ് ഐ ടി ഐ കളിൽ അപേക്ഷ നൽകുന്നതിന് *** മുതൽ വീണ്ടും ചെയ്യുക.
- തിരഞ്ഞെടുത്ത ട്രേഡുകളെ ഒഴിവാക്കി പുതുതായി ചെയ്യുന്നതിന് ബട്ടൺ Cancel ക്ലിക്ക് ചെയ്യേണ്ടതാണ്

Preview Your Application **ക്ലിക്ക് *ചെയ്ത്* അപേക്ഷിച്ച സ്ഥാപനങ്ങളും ട്രേഡുകളും അപേക്ഷാ ഫോമിന്റെ പ്രിന്റ്ഔട്ടിൽ കാണാവുന്നതാണ്.**

## അഞ്ചാം പേജിൽ (#5 – Self Declaration)

**#5 - Self Declaration**

☑ I hereby declare that all the particulars furnished in this application are true, correct and complete to the best of my knowledge and belief. In the event of any information being found false or incorrect or ineligibility being detected , my candidature will be cancelled , without assigning any reasons thereof.

**Submit Your Application & Make Payment**

സത്യപ്രസ്താവനയുടെ ടിക് ബോക്സ് തിരഞ്ഞെടുത്ത ശേഷം സമർപ്പിക്കുക

അപേക്ഷാ ഫീസ് ആയ നൂറു രൂപ അടയ്ക്കുന്നതോടെ മാത്രമെ അപേക്ഷാ സമർപ്പണം പൂർത്തിയാവുന്നുള്ളു.

**Online Payment**

| Payee Name* | Flat/Block/Premises /Building Details* | Road/Street Details* |
|---|---|---|
| PRAVEER KUMAR DEV P | ASOK, PALLIKKARA,PERUMTHIRUTHY | ELATHUR |
| **Area/ Locality Town/City/District Details*** | **PIN CODE** | **Mobile No.** |
| KOZHIKODE,KERALA,INDIA | 673303 | 8075446645 |

Amount to Pay **₹100**

Pay Now

- ➢ മേക്ക്-പേയ്മെന്റ് വിന്റോ സെലക്റ്റ് ചെയ്താൽ ഓൺലൈനായി അപേക്ഷാ ഫീസ് അടയ്ക്കാം.
- ➢ സംസ്ഥാന ഗവൺമെന്റിന്റെ ഇ-ട്രഷറി മുഖേനയാണ് പണമടയ്ക്കുന്നത്.
- ➢ ഏതെങ്കിലും കാരണവശാൽ പണം ഒരിക്കൽ അടയ്ക്കാൻ ശ്രമിച്ചു പരാജയപ്പെട്ടാൽ, പിന്നീട് 24 മണിക്കൂറിന് ശേഷം മാത്രമെ അടയ്ക്കാൻ സാധിക്കുകയുള്ളൂ. അക്കൗിൽ നിന്ന് പണം കുറയുകയും രശീതി ലഭിക്കാതെ വരുകയും ചെയ്താൽ, 24 മണിക്കൂർ സമയത്തിനകം പണം തിരികെ അക്കൗണ്ടിൽ വരികയൊ രശീതി ലഭിക്കുകയോ ചെയ്യും.

- ❖ **ഓൺലൈൻ അപേക്ഷയിൽ മുഴുവൻ വിവരങ്ങളും നൽകി പേയ്മെന്റ് നടത്തിയാൽ മാത്രമേ അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുക്കുവാൻ സാധിക്കുകയുള്ളു**
- ❖ മൊബൈൽ നമ്പർ, പാസ്‌വേഡ് എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്യാവുന്നതും അസ്സൽ പ്രമാണ പരിശോധന പൂർത്തിയാകുന്നത് വരെ തിരുത്തലുകൾ വരുത്താവുന്നതുമാണ്.
- ❖ അപേക്ഷാ സമർപ്പണം പൂർത്തിയാക്കുന്നതിനായി അസ്സൽ പ്രമാണ പരിശോധന തൊട്ടടുത്ത സർക്കാർ ഐ ടി ഐ യിൽ അപേക്ഷകനോ രക്ഷാകർത്താവോ നേരിട്ടെത്തി പൂർത്തിയാക്കേണ്ടതാണ്. അസ്സൽ പ്രമാണ പരിശോധന പൂർത്തിയാക്കിയ അപേക്ഷകൾ മാത്രമേ ഐ ടി ഐ പ്രവേശനത്തിനായി പരിഗണിക്കുകയുള്ളൂ.

- ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ പോർട്ടൽ സംബന്ധമായ സാങ്കേതിക സഹായങ്ങൾക്കായി ഓൺലൈൻ അഡ്മിഷൻ പോർട്ടലിൽ "Help Desk" എന്ന മെനുവിൽ നൽകിയിട്ടുള്ള ജില്ലാ തല അഡ്മിഷൻ കോർഡിനേറ്റർമാരുമായി ബന്ധപ്പെടാവുന്നതാണ്.

- അസ്സൽ പ്രമാണ പരിശോധന, പ്രവേശനം, ട്രേഡുകൾ സംബന്ധിച്ച വിവരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട സംശയ നിവാരണങ്ങൾക്കും സഹായങ്ങൾക്കും ഓൺലൈൻ പോർട്ടലിൽ ലഭ്യമായ "About" എന്ന മെനുവിൽ "Goverment ITI" എന്ന ഓപ്ഷൻ തെരഞ്ഞെടുത്ത് ബന്ധപെട്ട ഐ ടി ഐ ക്ലിക്ക് ചെയ്ത് അതിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഫോൺ നമ്പർ വഴിയും ഇമെയിൽ വഴിയും ബന്ധപ്പെടാവുന്നതാണ്.